25 (313) മുക്കത്ത് ഒരു ട്രഷറി വേണമെന്ന ആവശ്യം

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽപ്പെട്ടതും കോഴിക്കോട് താലൂക്കിലെ മലയോരത്തിന്റെ കേന്ദ്രവുമായ മുക്കത്ത് ഒരു ട്രഷറി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ട്രഷറി സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കുമോ;

(സി) എന്നത്തേയ്ക്ക് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ട്രഷറി സ്ഥാപിക്കാൻ തൽക്കാലം നിർവ്വാഹമില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

26 (314) പയ്യോളിയിൽ സബ്ട്രഷറി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പയ്യോളിയിൽ ഒരു സബ്ട്രഷറി സ്ഥാപിക്കാനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കേന്ദ്രത്തിൽ ഒരു സബ്ട്രഷറി സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചുവരുന്നു.

27 (315) ലോട്ടറി വകുപ്പു ജീവനക്കാരുടെ എണ്ണം

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവണ്മെന്റ് നേരിട്ട് നടത്തിവരുന്ന ലോട്ടറികൾ ഏതെല്ലാം;

(ബി) ലോട്ടറിവകുപ്പിലെ മൊത്തം ജീവനക്കാർ എത്ര; ഏജന്റുമാരെത്ര; സബ് ഏജന്റുമാരെത്ര;

(സി) പ്രൈവറ്റായി സംസ്ഥാനത്ത് ലോട്ടറി നടത്തുവാൻ ആർക്കെങ്കിലും അനുവാദം നല്കിയിട്ടുണ്ടോ;

(ഡി) എങ്കിൽ അവയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly